LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ചുവന്നിരുന്ന റേഷൻകാർഡിന്റെ അച്ചടി ജോലി ഇപ്പോൾ ലഭ്യമാക്കിയിട്ടില്ല.

(ബി) ലോട്ടറി ടിക്കറ്റ്, ബിവറേജസ് കോർപ്പറേഷന്റെ സെക്യൂരിറ്റി ലേബലുകൾ എന്നിവ പൂർണ്ണമായി അച്ചടിക്കുവാനുള്ള സംവിധാനങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലില്ല. പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ കേരള ബുക്ക്സ് & പബ്ളിക്കേഷൻസ് സൊസൈറ്റിയിലാണ് നടന്നുവരുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

252 (3539) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്ര കോടിയാണ് ;

(ബി) സർക്കാർ ഗ്രാന്റിനത്തിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ഈ വർഷം എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക നൽകി ; ഇനി എത്ര നൽകാനുണ്ട് ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനോ മുൻകൂർ പണം നൽകുന്നതിനോ അടിയന്തര മെയിന്റനൻസ് നടത്തുന്നതിനോ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (വികസനവും അഭിവൃദ്ധിപ്പെടുത്തലും) 4700 കോടി രൂപയാണ്.

(ബി)

പദ്ധതി വിഹിതം (വികസനവും അഭിവൃദ്ധിപ്പെടുത്തലും)
(തുക രൂപയിൽ)

പദ്ധതി വിഹിതം	സംസ്ഥാന ബഡ്ജറ്റ് വിഹിതം	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടിലേക്ക് നൽകിയ തുക	സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ ഇനി നൽകാനുള്ള തുക
ഗ്രാമ പഞ്ചായത്ത്	25,95,59,39,000	11,18,31,61,500	14,77,27,77,500
ബ്ലോക്ക് പഞ്ചായത്ത്	6,22,98,46,000	4,34,69,17,400	1,88,29,28,600
ജില്ലാ പഞ്ചായത്ത്	6,22,98,46,000	4,32,17,58,000	1,90,80,88,000
നഗരസഭ	4,82,38,48,000	2,02,17,37,200	2,80,21,10,800
മുനിസിപ്പൽ കോർപ്പറേഷൻ	3,76,05,21,000	1,78,19,85,800	1,97,85,35,200

(സി) ഇല്ല. മെയിന്റനൻസ് ഫണ്ടിന്റെ ഒമ്പതാം ഗഡുവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടുകളിലേക്ക് നൽകി കഴിഞ്ഞു. ഇനി ഒരു ഗഡു മാത്രമേ നൽകാനുള്ളൂ.

പൊതുകളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ

253 (3540) ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അവ നിർമ്മിക്കാൻ സർക്കാർ ധനസഹായം നൽകുമോ ;

(ബി) പൊതുകളിസ്ഥലം ഇല്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിൽ ഉണ്ട് ; അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലം നർമ്മിക്കുന്നതിന് സർക്കാർ വക ഭൂമി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ ഭൂമി കളിസ്ഥലത്തിനു ലഭ്യമാക്കുവാൻ ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly